## നവംബർ 28—ഡിസംബർ 1, 2024 വരെയുള്ള നന്ദിപ്രകാശന സമന്വയന സമ്മേളനത്തിന്റെ ദൂതുകളുടെ രൂപരേഖ

### പൊതു വിഷയം:
### ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടി ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ക്രിസ്തീയജീവിതവും സഭാജീവിതവും നയിക്കുന്നു

ദൂത് മൂന്ന്

### പത്രൊസിന്റെ ലേഖനങ്ങളിലെ ജീവനും കെട്ടുപണിയും

RM *Hymns*: ML598, E907

തിരുവെഴുത്ത് വായന: 1 പത്രൊ. 1:8; 2:1-5, 9; 2 പത്രൊ. 1:3-4

1 പത്രൊ. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

1 പത്രൊ. 2:1 അതുകൊണ്ട് എല്ലാ വിദ്വേഷവും എല്ലാ കളങ്കവും, കാപട്യങ്ങളും, അസൂയകളും, എല്ലാ ദുർഭാഷണങ്ങളും നീക്കിക്കളഞ്ഞ്,

1 പത്രൊ. 2:2 കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ,

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

1 പത്രൊ. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

**I. പത്രൊസിന്റെ ലേഖനങ്ങളുടെയും മുഴുവൻ തിരുവെഴുത്തുകളുടെയും കേന്ദ്ര ചിന്ത ജീവനും കെട്ടുപണിയുമാണ്—1 പത്രൊ. 1:23; 2:2-5; 2 പത്രൊ. 1:3-4:**

1 പത്രൊ. 1:23 ക്ഷയിക്കുന്ന വിത്തിൽ നിന്നല്ല അക്ഷയമായതിൽനിന്ന്, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്തിലൂടെയത്രേ നിങ്ങൾ വീണ്ടുംജനിച്ചിരിക്കുന്നത്.

1 പത്രൊ. 2:2 കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ,

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ

അടുക്കൽ വന്ന്,

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

A. ക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും നമ്മുടെ ആസ്വാദനത്തിനുവേണ്ടി നമ്മിലേക്ക് തന്നെത്തന്നെ പകരുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്ത ത്രിയേക ദൈവമാണ് ജീവൻ; കെട്ടുപണി എന്നത് ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനുവേണ്ടി ദൈവത്തിന്റെ വികാസവും വിപുലീകരണവും എന്ന നിലയിൽ ദൈവത്തിന്റെ ആത്മിക ഭവനമായ, ക്രിസ്തുവിന്റെ ശരീരമായ സഭയാണ്—ഉല്പ. 2:8-9, 22; മത്താ. 16:18; കൊലൊ. 2:19; എഫെ. 4:16.

ഉല്പ. 2:8 അനന്തരം യഹോവയായ ദൈവം കിഴക്കു ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി.

ഉല്പ. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

ഉല്പ. 2:22 യഹോവയായ ദൈവം മനുഷ്യനിൽനിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

B. ജീവന്റെ വളർച്ചയും വികാസവും മുഖാന്തരം ജീവന്റെ സമ്പന്നമായ അധികപങ്കും ജീവന്റെ ആവിഷ്കാരവുമായ സഭയുടെ കെട്ടുപണിക്കുവേണ്ടി ജീവനും ദൈവികതയും സംബന്ധിച്ച സകല കാര്യങ്ങളും നമുക്കു നൽകിയിരിക്കുന്ന നമ്മുടെ ഉള്ളിലുള്ള ജീവശക്തിയാണ് ജീവന്റെ വിത്തായ ക്രിസ്തു—2 പത്രൊ. 1:3-4; പ്ര.നി. പ്രവൃ. 3:15; *കീർത്തനം*, #ML16 , ചരണം 4.

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും

അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

Hymns, #ML16, stanza 4

നിൻ പുനരുല്ലാദനം ഞങ്ങൾ,
നിൻ ശരീരം, മണവാട്ടി,
നീ എന്നേക്കും വസിക്കുവാൻ,
നിൻ നിറവാവിഷ്കാരം.
ഞങ്ങൾ ജീവ വർദ്ധനവും,
നിന്റെ തുടർച്ചയുമേ,
നിൻ വളർച്ച സമൃദ്ധിയും,
തലയാം നിന്നോടൊന്നായ്.

**II. ജീവനുള്ള കല്ലുകൾകൊണ്ട് പണിയപ്പെട്ട ഒരു ആത്മിക ഭവനമാണ് ദൈവത്തിന്റെ ലക്ഷ്യം—1 പത്രൊ. 2:5:**

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

A. നമുക്ക് ജീവനെന്ന നിലയിൽ, ക്രിസ്തു അക്ഷയമായ വിത്താണ്; ദൈവത്തിന്റെ കെട്ടിടത്തിന്, അവൻ ജീവനുള്ള കല്ലാണ്—1:23; 2:4.

1 പത്രൊ. 1:23 ക്ഷയിക്കുന്ന വിത്തിൽ നിന്നല്ല അക്ഷയമായതിൽനിന്ന്, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്തിലൂടെയത്രേ നിങ്ങൾ വീണ്ടുംജനിച്ചിരിക്കുന്നത്.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

B. പത്രൊസിന്റെ പരിവർത്തനത്തിൽ കർത്താവ് അവന് പത്രൊസ്—ഒരു കല്ല്—എന്ന ഒരു പുതിയ പേരു നൽകി (യോഹ. 1:42); ക്രിസ്തുവിനെ സംബന്ധിച്ച വെളിപാട് പത്രൊസ് പ്രാപിച്ചപ്പോൾ, താൻ ഒരു പാറയാണെന്ന്—ഒരു കല്ലാണെന്ന്, കർത്താവ് വെളിപ്പെടുത്തി (മത്താ. 16:18); ഈ രണ്ട് സംഭവങ്ങളിലൂടെ ക്രിസ്തുവും അവന്റെ വിശ്വാസികളും ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുള്ള ജീവനുള്ള കല്ലുകളാണെന്ന മതിപ്പ് പത്രൊസിന് ലഭിച്ചു (1 പത്രൊ. 2:4-8; പ്രവൃ. 4:20; യെശ. 28:16; സെഖ. 4:7).

യോഹ. 1:42 അവൻ അവനെ യേശുവിന്റെ അടുക്കലേക്ക് നയിച്ചു. അവനെ നോക്കിയിട്ട് യേശു, നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നീ കേഫാ (അത് പത്രൊസ് എന്നു വ്യാഖ്യാനിക്കപ്പെടുന്നു) എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

1 പത്രൊ. 2:6 — എന്തെന്നാൽ തിരുവെഴുത്തിൽ ഇപ്രകാരം അടങ്ങിയിരിക്കുന്നു: "ഇതാ, തിരഞ്ഞെടുത്തതും വിലയേറിയതുമായ, ഒരു മൂലക്കല്ല് ഞാൻ സീയോനിൽ ഇടുന്നു; അവന്മേൽ വിശ്വസിക്കുന്നവൻ ഒരുവിധത്തിലും ലജ്ജിക്കപ്പെടുകയില്ല."

1 പത്രൊ. 2:7 — അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്," പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു,"

1 പത്രൊ. 2:8 — കൂടാതെ, "ഇടർച്ചക്കല്ലും ലംഘനപ്പാറയും" ആകുന്നു; അവർ അനുസരണംകെട്ടവരായി, വചനത്തിൽ ഇടറിപ്പോകുന്നു, അതിനായിത്തന്നെ അവരെ നിയമിക്കുകയും ചെയ്തു.

പ്രവൃ. 4:11 — പണിക്കാരായ നിങ്ങൾ, ഒന്നുമല്ലാത്തതായി കണക്കാക്കിയ കല്ല് ഇതാകുന്നു, അത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു.

യെശ. 28:16 — അതുകൊണ്ടു യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധനചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല.

സെഖ. 4:7 — സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയായ്തീരും; അതിന്നു കൃപ, കൃപ എന്ന ആർപ്പോടുകൂടെ അവൻ ആണിക്കല്ലു കയറ്റും.

C. ക്രിസ്തുവിലുള്ള വിശ്വാസികളായ നാം വീണ്ടുംജനനത്തിലൂടെയും രൂപാന്തരത്തിലൂടെയും ക്രിസ്തുവിന്റെ തനിപ്പകർപ്പായ ജീവനുള്ള കല്ലുകളാണ്; നാം കളിമണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടവരാണെങ്കിലും (റോമ. 9:21), വീണ്ടുംജനനത്തിൽ നാം ദിവ്യജീവന്റെ വിത്ത് സ്വീകരിച്ചു; നമ്മിൽ വളരുന്നതിലൂടെ അത് നമ്മെ ജീവനുള്ള കല്ലുകളാക്കി രൂപാന്തരപ്പെടുത്തുന്നു (1 പത്രൊ. 2:5).

റോമ. 9:21 — അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

1 പത്രൊ. 2:5 — നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

**III. ദൈവത്തിന്റെ കെട്ടിടം ജീവനുള്ളതായതിനാൽ, അത് വളർന്നുകൊണ്ടിരിക്കുന്നു; ദൈവത്തിന്റെ ഭവനമായ സഭയുടെ വാസ്തവമായ കെട്ടുപണി വിശ്വാസികളുടെ ജീവനിലുള്ള വളർച്ചയാലാണ്—എഫെ. 2:21:**

എഫെ. 2:21 — അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

A. ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ജീവനിൽ വളരുന്നതിന്, നാം കർത്താവിനെ സ്നേഹിക്കുകയും, നമ്മുടെ ആത്മാവിന് ശ്രദ്ധ നൽകുകയും, ജീവന്റെ പാതയിൽ തുടരുവാൻ സകല ജാഗ്രതയോടുംകൂടെ നമ്മുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കുകയും വേണം—1 പത്രൊ. 1:8; 2:2, 5; 3:4, 15; സദൃ. 4:18-23; ആവ. 10:12; മർക്കൊ. 12:30.

1 പത്രൊ. 1:8 — അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

1 പത്രൊ. 2:2 — കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ,

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

1 പത്രൊ. 3:4 സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.

1 പത്രൊ. 3:15 എന്നാൽ നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് വിശദീകരണം ചോദിക്കുന്ന ഏവനോടും പ്രതിവാദത്തിനായി എപ്പോഴും തയ്യാറായിരുന്ന്, ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയങ്ങളിൽ വിശുദ്ധീകരിക്കുവിൻ,

സദൃ. 4:18 നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു.

സദൃ. 4:19 ദുഷ്ടന്മാരുടെവഴി അന്ധകാരംപോലെയാകുന്നു; ഏതിങ്കൽ തട്ടി വീഴും എന്നു അവർ അറിയുന്നില്ല.

സദൃ. 4:20 മകനേ, എന്റെ വചനങ്ങൾക്കു ശ്രദ്ധതരിക; എന്റെ മൊഴികൾക്കു നിന്റെ ചെവി ചായിക്ക.

സദൃ. 4:21 അവ നിന്റെ ദൃഷ്ടിയിൽനിന്നു മാറിപ്പോകരുതു; നിന്റെ ഹൃദയത്തിന്റെ നടുവിൽ അവയെ സൂക്ഷിച്ചുവെക്കുക.

സദൃ. 4:22 അവയെ കിട്ടുന്നവർക്കു അവ ജീവനും അവരുടെ സർവ്വദേഹത്തിന്നും സൗഖ്യവും ആകുന്നു.

സദൃ. 4:23 സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നതു.

ആവ. 10:12 ആകയാൽ യിസ്രായേലേ, നിന്റെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവന്റെ എല്ലാവഴികളിലും നടക്കയും അവനെ സ്നേഹിക്കയും നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ സേവിക്കയും

മർക്കൊ. 12:30 നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം."

B. ക്രിസ്തുവിന്റെ ജീവൻ തടസ്സം കൂടാതെ നമ്മിൽ ആയിരിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മുടെ ഉള്ളിലുള്ള താഴെ പറയുന്ന പ്രതിബന്ധങ്ങളോട് ഇടപെടുവാനും അവയെ നീക്കംചെയ്യുവാനും കഴിയത്തക്കവണ്ണം, ക്രൂശിന്റെ തകർക്കലിനെ, തേജസ്സിന്റെ ആത്മാവായ ക്രിസ്തുവിന്റെ സർവവും-ഉൾക്കൊള്ളുന്ന ആത്മാവിലുള്ള ക്രിസ്തുവിന്റെ കൊല്ലുന്ന മരണത്തെ നാം അനുഭവമാക്കണം—1 പത്രൊ. 1:11; 4:14; സങ്കീ. 139:23-24:

1 പത്രൊ. 1:11 ഏത് സമയത്ത് അഥവാ എങ്ങനെയുള്ള സമയത്ത് എന്ന് തിരഞ്ഞുകൊണ്ട് അവരിലെ ക്രിസ്തുവിന്റെ ആത്മാവ്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെയും അവയ്ക്കു ശേഷമുള്ള മഹത്വങ്ങളെയും മുൻകൂട്ടി സാക്ഷ്യപ്പെടുത്തിക്കൊണ്ട് സ്പഷ്ടമാക്കുകയായിരുന്നു.

1 പത്രൊ. 4:14 നിങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നിന്ദിക്കപ്പെടുന്നുവെങ്കിൽ അനുഗൃഹീതരാകുന്നു, എന്തെന്നാൽ തേജസ്സിന്റെയും ദൈവത്തിന്റെയും ആത്മാവ് നിങ്ങളുടെ മേൽ വിശ്രമിക്കുന്നു.

സങ്കീ. 139:23 ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ

അറിയേണമേ.

സങ്കീ. 139:24 വ്യസനത്തിന്നുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ.

1. ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നതിനർഥം ക്രിസ്തു അല്ലാത്ത മറ്റൊന്നും നമ്മുടെ ലക്ഷ്യമായി എടുക്കാതിരിക്കുന്നതാണ്; ഇതിനുള്ള പ്രതിബന്ധം ജീവന്റെ പാത അറിയാതുരിക്കുന്നതും ക്രിസ്തുവിനെ നമ്മുടെ ജീവനായി എടുക്കാതിരിക്കുന്നതുമാണ്—മത്താ. 7:13-14; ഫിലി. 3:8-14; കൊലൊ. 3:4; റോമ. 8:28-29.

മത്താ. 7:13 ഇടുക്കമുള്ള കവാടത്തിലൂടെ അകത്തു പ്രവേശിക്കുവിൻ; എന്തെന്നാൽ നാശത്തിലേക്കു നയിക്കുന്ന കവാടം വീതിയുള്ളതും വഴി വിശാലവും, അതിൽകൂടി പ്രവേശിക്കുന്നവർ അനേകരും ആകുന്നു.

മത്താ. 7:14 ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കമുള്ളതും വഴി ഞെരുക്കവും ആയതിനാൽ, അതിനെ കണ്ടെത്തുന്നവർ ചുരുക്കം ആകുന്നു.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

ഫിലി. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

ഫിലി. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു.

ഫിലി. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

ഫിലി. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

2. രണ്ടാമത്തെ പ്രതിബന്ധം കാപട്യമാണ്; ഒരു വ്യക്തിയുടെ ആത്മികത ബാഹ്യമായ ദൃഷ്ടിഭാവത്താലല്ല, മറിച്ച് അവൻ ക്രിസ്തുവിനെ എങ്ങനെ കരുതുന്നു എന്നതിനാലാണ് നിർണ്ണയിക്കപ്പെടുന്നത്—മത്താ. 6:1-6; 15:7-8; യോഹ. 5:44; 12:42-43; പ്ര.നി. യോശു. 7:21.

മത്താ. 6:1 എന്നാൽ മനുഷ്യർ വീക്ഷിക്കേണ്ടതിനു നിങ്ങളുടെ നീതിയെ അവരുടെ മുമ്പാകെ ചെയ്യാതിരിക്കുവാൻ കരുതിക്കൊള്ളുവിൻ; ഇല്ലെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ അടുക്കൽ നിങ്ങൾക്ക് പ്രതിഫലമില്ല.

മത്താ. 6:2 ആകയാൽ നീ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മഹത്വപ്പെടുവാൻ തക്കവണ്ണം കപടഭക്തിക്കാർ ചെയ്യുന്നതുപോലെ സിനഗോഗുകളിലും വീഥികളിലും നിന്റെ മുമ്പാകെ കാഹളം മുഴക്കരുത്. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:3 എന്നാൽ നീ, ഭിക്ഷ കൊടുക്കുമ്പോൾ, നിന്റെ വലങ്കൈ ചെയ്യുന്നത് എന്തെന്നു നിന്റെ ഇടങ്കൈ അറിയരുത്,

മത്താ. 6:4 അങ്ങനെ നിന്റെ ഭിക്ഷ രഹസ്യത്തിൽ ആയിരിക്കുകയും, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്ക് മടക്കിത്തരുകയും ചെയ്യും.

മത്താ. 6:5 നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനുഷ്യർ കാണുവാൻ തക്കവണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

മത്താ. 15:7 കപടഭക്തിക്കാരേ! യെശയ്യാവ് നിങ്ങളെക്കുറിച്ച് നന്നായിതന്നെ പ്രവചിച്ചു പറഞ്ഞത്,

മത്താ. 15:8 "ഈ ജനം തങ്ങളുടെ അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു, എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നു ദൂരെ അകന്നിരിക്കുന്നു;

യോഹ. 5:44 നിങ്ങൾ അന്യോന്യം മഹത്വം സ്വീകരിക്കുകയും, ഏക ദൈവത്തിൽ നിന്നുള്ള മഹത്വം അന്വേഷിക്കാതെയും ഇരിക്കുമ്പോൾ, നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും?

യോഹ. 12:42 എന്നിട്ടും പ്രമാണിമാരിൽനിന്നുപോലും അനേകർ അവനിലേക്കു വിശ്വസിച്ചു, എന്നാൽ സിനഗോഗിൽനിന്ന് പുറത്താകാതിരിക്കേണ്ടതിന്, പരീശന്മാർ നിമിത്തം അവർ അവനെ ഏറ്റുപറഞ്ഞില്ല.

യോഹ. 12:43 എന്തെന്നാൽ അവർ ദൈവത്തിന്റെ മഹത്വത്തെക്കാൾ മനുഷ്യരുടെ മഹത്വത്തെ സ്നേഹിച്ചു.

യോശു. 7:21 ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായോരു ബാബിലോന്യ മേലങ്കിയും ഇരുനൂറു ശേക്കെൽ വെള്ളിയും അമ്പതു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചു എടുത്തു; അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു; വെള്ളി അടിയിൽ ആകുന്നു എന്നു

ഉത്തരം പറഞ്ഞു.

3. മൂന്നാമത്തെ പ്രതിബന്ധം മത്സരമാണ്; കാര്യങ്ങൾ ചെയ്യുന്നതിൽ നാം വളരെ സജീവരും തീക്ഷ്ണതയുള്ളവരും ആയിരിക്കാം, എന്നാൽ അപ്പോഴും നമ്മുടെ ഉള്ളിൽ ജീവിക്കുന്ന ക്രിസ്തുവിനെ അവഗണിച്ചുകൊണ്ട് അവനെ തടവിലാക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്യുന്നു—ലേവ്യ. 14:9, 14-18; 11:1-2, 46-47; റോമ. 16:17; 1 കൊരി. 15:33.

    ലേവ്യ. 14:9 ഏഴാം ദിവസം അവൻ തലയും താടിയും പുരികവും എല്ലാം വെടിപ്പാക്കേണം; ഇങ്ങനെ അവൻ സകല രോമവും ക്ഷൌരം ചെയ്യിച്ചു വസ്ത്രം അലക്കുകയും ദേഹം വെള്ളത്തിൽ കഴുകുകയും വേണം; എന്നാൽ അവൻ ശുദ്ധിയുള്ളവനാകും.

    ലേവ്യ. 14:14 പുരോഹിതൻ അകൃത്യയാഗത്തിന്റെ രക്തം കുറെ എടുത്തു ശുദ്ധീകരണം കഴിയുന്നവന്റെ വലത്തുകാതിന്മേലും വലത്തുകയ്യുടെ പെരുവിരലിന്മേലും വലത്തുകാലിന്റെ പെരുവിരലിന്മേലും പുരട്ടേണം.

    ലേവ്യ. 14:15 പിന്നെ പുരോഹിതൻ ആ എണ്ണ കുറെ തന്റെ ഇടത്തെ ഉള്ളങ്കയ്യിൽ ഒഴിക്കേണം.

    ലേവ്യ. 14:16 പുരോഹിതൻ ഇടങ്കയ്യിൽ ഉള്ള എണ്ണയിൽ വലങ്കയ്യുടെ വിരൽ മുക്കി വിരൽകൊണ്ടു ഏഴു പ്രാവശ്യം യഹോവയുടെ സന്നിധിയിൽ എണ്ണ തളിക്കേണം.

    ലേവ്യ. 14:17 ഉള്ളങ്കയ്യിൽ ശേഷിച്ച എണ്ണ കുറെ പുരോഹിതൻ ശുദ്ധീകരണം കഴിയുന്നവന്റെ വലത്തുകാതിന്മേലും വലത്തുകയ്യുടെ പെരുവിരലിന്മേലും വലത്തുകാലിന്റെ പെരുവിരലിന്മേലും അകൃത്യയാഗത്തിന്റെ രക്തത്തിന്മീതെ പുരട്ടേണം.

    ലേവ്യ. 14:18 പുരോഹിതന്റെ ഉള്ളങ്കയ്യിൽ ശേഷിപ്പുള്ള എണ്ണ അവൻ ശുദ്ധീകരണം കഴിയുന്നവന്റെ തലയിൽ ഒഴിച്ചു യഹോവയുടെ സന്നിധിയിൽ അവന്നുവേണ്ടി പ്രായശ്ചിത്തം കഴിക്കേണം.

    ലേവ്യ. 11:1 യഹോവ പിന്നെയും മോശെയോടും അഹരോനോടും അരുളിച്ചെയ്തതു:

    ലേവ്യ. 11:2 നിങ്ങൾ യിസ്രായേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: ഭൂമിയിലുള്ള സകലമൃഗങ്ങളിലും നിങ്ങൾക്കു തിന്നാകുന്ന മൃഗങ്ങൾ ഇവ:

    ലേവ്യ. 11:46 ശുദ്ധവും അശുദ്ധവും തമ്മിലും തിന്നാകുന്ന മൃഗത്തെയും തിന്നരുതാത്ത മൃഗത്തെയും തമ്മിലും വകതിരിക്കേണ്ടതിന്നു

    ലേവ്യ. 11:47 ഇതു മൃഗങ്ങളെയും പക്ഷികളെയും വെള്ളത്തിൽ ചലനം ചെയ്യുന്ന സകലജന്തുക്കളെയും നിലത്തു ഇഴയുന്ന ജന്തുക്കളെയും പറ്റിയുള്ള പ്രമാണം ആകുന്നു.

    റോമ. 16:17 സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന് വിരുദ്ധമായി, വിഭാഗങ്ങളും ഇടർച്ചയ്ക്ക് കാരണങ്ങളും ഉണ്ടാക്കുന്നവരെ അടയാളപ്പെടുത്തുവാൻ ഞാൻ പ്രബോധിപ്പിക്കുന്നു, അവരിൽനിന്ന് തിരിഞ്ഞുമാറുവിൻ.

    1 കൊരി. 15:33 വഞ്ചിക്കപ്പെടാതിരിക്കുവിൻ: ദുഷ്ട കൂട്ടുകെട്ട് നല്ല സദാചാരത്തെ ദുഷിപ്പിക്കുന്നു.

4. നാലാമത്തെ പ്രതിബന്ധം നമ്മുടെ സ്വാഭാവിക കഴിവുകളാണ്; ഈ സ്വാഭാവിക കഴിവുകൾ തകർക്കപ്പെടാതെ നമ്മിൽ നിലനിൽക്കുന്നുവെങ്കിൽ, അവ

ക്രിസ്തുവിന്റെ ജീവന് ഒരു പ്രശ്നമായിത്തീരും—2:14-15; 3:12, 16-17; യൂദാ 19; പ്ര.നി. ലേവ്യ. 10:1-2.

1 കൊരി. 2:14 എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ കാര്യങ്ങൾ സ്വീകരിക്കുന്നില്ല, എന്തെന്നാൽ അവ അവന് മൂഢത്തം ആകുന്നു, അവ ആത്മികമായി വിവേചിക്കപ്പെടുന്നതിനാൽ അവയെ അറിയുവാൻ അവന് കഴിയുന്നതുമില്ല.

1 കൊരി. 2:15 എന്നാൽ ആത്മികൻ സകല കാര്യങ്ങളെയും വിവേചിക്കുന്നു, അവൻ ആരാലും വിവേചിക്കപ്പെടുന്നില്ല.

1 കൊരി. 3:12 എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,

1 കൊരി. 3:16 നിങ്ങൾ ദൈവത്തിന്റെ ആലയം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ?

1 കൊരി. 3:17 ആരെങ്കിലും ദൈവത്തിന്റെ ആലയത്തെ നശിപ്പിച്ചാൽ, ദൈവം അവനെ നശിപ്പിക്കും; ദൈവത്തിന്റെ ആലയം വിശുദ്ധമാകുന്നു, നിങ്ങളും അങ്ങനെതന്നെ.

യൂദാ. 1:19 ഇവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതർ, ആത്മാവില്ലാത്തവർ.

ലേവ്യ. 10:1 അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഓരോ ധൂപകലശം എടുത്തു അതിൽ തീ ഇട്ടു അതിന്മേൽ ധൂപ വർഗ്ഗവും ഇട്ടു, അങ്ങനെ തങ്ങളോടു കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു.

ലേവ്യ. 10:2 ഉടനെ യഹോവയുടെ സന്നിധിയിൽനിന്നു തീ പുറപ്പെട്ടു അവരെ ദഹിപ്പിച്ചുകളഞ്ഞു; അവർ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി.

C. ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ജീവനിൽ വളരുന്നതിന്, നാം "എല്ലാ വിദ്വേഷവും, എല്ലാ കളങ്കവും, കാപട്യങ്ങളും, അസൂയകളും, എല്ലാ ദുർഭാഷണങ്ങളും നീക്കിക്കളയണം"—1 പത്രൊ. 2:1.

D. ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ജീവനിൽ വളരുന്നതിന്, ദൈവത്തിന്റെ വചനം എന്ന കളങ്കമില്ലാത്ത പാലിനാൽ നാം പോഷിപ്പിക്കപ്പെടണം—വാ. 3:

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ.

1. കളങ്കമില്ലാത്ത പാൽ വിവേകമുള്ള നമ്മുടെ മനസ്സിന്റെ ഗ്രഹണശക്തിയിലൂടെ നമ്മുടെ അകത്തെ മനുഷ്യനെ പോഷിപ്പിക്കുവാനായി ദൈവവചനത്തിൽ കൊണ്ടുവരപ്പെടുകയും, നമ്മുടെ മാനസിക കഴിവുകളാൽ സ്വാംശീകരിക്കപ്പെടുകയും ചെയ്യുന്നു—റോമ. 8:6; പ്ര.നി. ആവ. 11:18.

    റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

    ആവ. 11:18 ആകയാൽ നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ചു നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടുകയും അവ നിങ്ങളുടെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായിരിക്കയും വേണം.

2. വചനത്തിന്റെ പോഷണമേകുന്ന പാൽ മനസ്സിലൂടെ ദേഹിക്കുവേണ്ടിയാണെങ്കിലും, അത് നമ്മെ പ്രാകൃതരാക്കാതെ, ദൈവത്തിന്റെ

ആത്മികഗൃഹമായി പണിയപ്പെടുവാൻ യോഗ്യരായ ആത്മികരാക്കിക്കൊണ്ട്, ഒടുവിൽ ആത്മാവിനെ പോഷിപ്പിക്കുന്നു—പ്ര.നി. 1 കൊരി. 2:15.

1 കൊരി. 2:15 എന്നാൽ ആത്മികൻ സകല കാര്യങ്ങളെയും വിവേചിക്കുന്നു, അവൻ ആരാലും വിവേചിക്കപ്പെടുന്നില്ല.

3. വചനമെന്ന പാൽ ആസ്വദിക്കുന്നതിന്, വചനത്തിലുള്ള അവന്റെ നന്മയോടുകൂടിയ ദൈവത്തെ രുചിക്കുന്നതിന്, സകല പ്രാർഥനയാലും അവന്റെ വചനം നാം സ്വീകരിക്കുകയും അവന്റെ വചനത്തിന്മേൽ ധ്യാനിക്കുകയും വേണം—1 പത്രൊ. 2:2; എഫെ. 6:17-18; സങ്കീ. 119:15, 23, 48, 78, 99, 148:

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛരിക്കുവിൻ.

എഫെ. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

സങ്കീ. 119:15 ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യുന്നു.

സങ്കീ. 119:23 പ്രഭുക്കന്മാരും ഇരുന്നു എനിക്കു വിരോധമായി സംഭാഷിക്കുന്നു; എങ്കിലും അടിയൻ നിന്റെ ചട്ടങ്ങളെ ധ്യാനിക്കുന്നു.

സങ്കീ. 119:48 എനിക്കു പ്രിയമായിരിക്കുന്ന നിന്റെ കല്പനകളിലേക്കു ഞാൻ കൈകളെ ഉയർത്തുന്നു; നിന്റെ ചട്ടങ്ങളെ ഞാൻ ധ്യാനിക്കുന്നു.

സങ്കീ. 119:78 അഹങ്കാരികൾ എന്നെ വെറുതെ മറിച്ചിട്ടിരിക്കയാൽ ലജ്ജിച്ചുപോകട്ടെ; ഞാനോ നിന്റെ കല്പനകളെ ധ്യാനിക്കുന്നു.

സങ്കീ. 119:99 നിന്റെ സാക്ഷ്യങ്ങൾ എന്റെ ധ്യാനമായിരിക്കകൊണ്ടു എന്റെ സകലഗുരുക്കന്മാരിലും ഞാൻ ബുദ്ധിമാനാകുന്നു.

സങ്കീ. 119:148 തിരുവചനം ധ്യാനിക്കേണ്ടതിന്നു എന്റെ കണ്ണു യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു.

a. വചനത്തിന്മേൽ ധ്യാനിക്കുന്നത് ശ്രദ്ധാപൂർവം പരിചിന്തിക്കുന്നതിലൂടെ അതിനെ രുചിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതാണ്—1 പത്രൊ. 2:2-3; സങ്കീ. 119:103.

1 പത്രൊ. 2:2 കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ,

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛരിക്കുവിൻ.

സങ്കീ. 119:103 തിരുവചനം എന്റെ അണ്ണാക്കിന്നു എത്ര മധുരം! അവ എന്റെ വായിക്കു തേനിലും നല്ലതു.

b. പ്രാർഥനയും, തന്നോടുതന്നെ സംസാരിക്കുന്നതും, കർത്താവിനെ സ്തുതിക്കുന്നതും വചനത്തിന്മേൽ ധ്യാനിക്കുന്നതിൽ ഉള്ളടങ്ങുന്നു; വചനത്തിന്മേൽ ധ്യാനിക്കുന്നത് "അയവിറുക്കുന്നതാണ്", വളരെ പുനർവിചിന്തനത്തിലൂടെ ദൈവവചനം സ്വീകരിക്കുന്നതാണ്—ലേവ്യ. 11:3.

ലേവ്യ. 11:3 മൃഗങ്ങളിൽ കുളമ്പു പിളർന്നിരിക്കുന്നതും കുളമ്പു രണ്ടായി

പിരിഞ്ഞിരിക്കുന്നതും അയവിറക്കുന്നതുമായതൊക്കെയും നിങ്ങൾക്കു തിന്നാം.

4. വചനത്തിലുള്ള പോഷിപ്പിക്കുന്ന പാലായി ക്രിസ്തുവിനെ ഭക്ഷിക്കുന്നതിലൂടെ, നാം പൂർണ്ണ രക്ഷയിങ്കലേക്ക്, തേജസ്കരണത്തിനായി രൂപാന്തരത്തിലൂടെ പക്വതയിങ്കലേക്ക് വളരുന്നു; 1 പത്രൊസ് 2:2-ലെ രക്ഷ ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുള്ള രൂപാന്തരത്തിന്റെ വിഷയമാണ്.

| | |
|---|---|
| 1 പത്രൊ. 2:3 | രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ |

5. നാം "കല്ല്-ക്രിസ്തു"വെന്ന നിലയിൽ അവനാൽ രൂപാന്തരപ്പെടുവാനും, ഒരു വിശുദ്ധ പുരോഹിതവർഗമായി ദൈവത്തിന്റെ ആത്മിക ഭവനമായ "ശരീര-ക്രിസ്തു"വായി പണിയപ്പെടുവാനുമായി നമ്മെ പോഷിപ്പിക്കുവാൻ നാം "പാൽ-ക്രിസ്തു"വിനെ ആസ്വദിക്കുന്നു—വാ. 2-4; 1 കൊരി. 12:12-13.

| | |
|---|---|
| 1 പത്രൊ. 2:2 | കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ, |
| 1 പത്രൊ. 2:3 | രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ. |
| 1 പത്രൊ. 2:4 | മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്, |
| 1 കൊരി. 12:12 | എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. |
| 1 കൊരി. 12:13 | യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു. |

**IV. പുരോഹിതന്മാരുടെ ഏകോപിത സംഘമായ വിശുദ്ധ പുരോഹിതവർഗം പണിയപ്പെട്ട ആത്മിക ഗൃഹമാണ്; തന്റെ വാസത്തിനായി ദൈവം ഒരു ആത്മിക ഭവനവും തന്റെ സേവനത്തിനായി ഒരു പുരോഹിത സംഘവും, അഥവാ ഒരു സംഘാത പുരോഹിതവർഗവും ആഗ്രഹിക്കുന്നു—1 പത്രൊ. 2:5; പുറ. 19:5-6:**

| | |
|---|---|
| 1 പത്രൊ. 2:5 | നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു. |
| പുറ. 19:5 | ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ടു അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്കു സകലജാതികളിലുംവെച്ചു പ്രത്യേക സമ്പത്തായിരിക്കും; ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ. |
| പുറ. 19:6 | നിങ്ങൾ എനിക്കു ഒരു പുരോഹിതരാജത്വവും വിശുദ്ധജനവും ആകും. ഇവ നീ യിസ്രായേൽമക്കളോടു പറയേണ്ടുന്ന വചനങ്ങൾ ആകുന്നു. |

A. നാം "തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിതവർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവും ആകുന്നു" (1 പത്രൊ. 2:9)—*തിരഞ്ഞെടുക്കപ്പെട്ട വംശം* എന്നത് ദൈവത്തിൽനിന്നുള്ള നമ്മുടെ വംശപരമ്പരയെയും; *രാജകീയ പുരോഹിതവർഗം* എന്നത് ദൈവത്തോടുള്ള നമ്മുടെ സേവനത്തെയും; *വിശുദ്ധ ജാതി* എന്നത് ദൈവത്തിനുവേണ്ടി നാം ഒരു

സമുദായമായിരിക്കുന്നതിനെയും; *അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനം* എന്നത് നാം ദൈവത്തിന് വിലയേറിയവരായിരിക്കുന്നതിനെയും സൂചിപ്പിക്കുന്നു.

B. നമ്മുടെ സംഘാത പൗരോഹിത്യ സേവനം എന്നത് അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നമ്മെ വിളിച്ചവന്റെ നന്മകളെ സുവിശേഷമായി ഘോഷിക്കുകയാണ് (വാ. 9), അത് നാം "യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ" (വാ. 5) കഴിയേണ്ടതിനാണ്; ഈ ആത്മിക യാഗങ്ങൾ ഇവയാണ്:

1 പത്രൊ. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;

1. ഹോമയാഗം, ഭോജനയാഗം, സമാധാനയാഗം, പാപയാഗം, അകൃത്യയാഗം എന്നിങ്ങനെ പഴയനിയമ മുൻകുറികളായ എല്ലാ യാഗങ്ങളുടെയും യാഥാർഥ്യമായ ക്രിസ്തു അർപ്പിക്കപ്പെടുന്നത്—ലേവ്യ. 1—5.

Lev 1~5 be omitted.

2. നമ്മുടെ സുവിശേഷ പ്രസംഗത്താൽ രക്ഷിക്കപ്പെട്ട പാപികൾ, ക്രിസ്തുവിന്റെ അവയവങ്ങളായി അർപ്പിക്കപ്പെടുന്നത്—റോമ. 15:16.

റോമ. 15:16 അത്, ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടിട്ട് സ്വീകാര്യമാകേണ്ടതിന്, ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതനായി, ഞാൻ ജാതികൾക്ക് ക്രിസ്തു യേശുവിന്റെ ശുശ്രൂഷകൻ ആകേണ്ടതിന് തന്നെ.

3. നമ്മുടെ ശരീരവും, നമ്മുടെ സ്തുതികളും, നാം ദൈവത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളും അർപ്പിക്കപ്പെടുന്നത്—12:1; എബ്രാ. 13:15-16; ഫിലി. 4:18.

റോമ. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

എബ്രാ. 13:15 അങ്ങനെ അവനിലൂടെ അവന്റെ നാമത്തെ ഏറ്റുപറയുന്ന, അധരഫലം എന്ന സ്തോത്രയാഗം നമുക്ക് ഇടവിടാതെ ദൈവത്തിന് അർപ്പിക്കാം.

എബ്രാ. 13:16 എന്നാൽ നന്മ ചെയ്യുന്നതും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതും മറക്കരുത്, ഇങ്ങനെയുള്ള യാഗങ്ങളിൽ ദൈവം പ്രസാദിക്കുന്നുവല്ലോ.

ഫിലി. 4:18 എന്നാൽ എനിക്ക് സകലവും പൂർണമായി ലഭിക്കുകയും, സമൃദ്ധിയായിരിക്കുകയും ചെയ്യുന്നു; നിങ്ങളിൽ നിന്നുള്ള സാധനങ്ങൾ, ഒരു സൗരഭ്യ വാസനയായി, ദൈവത്തിന് സുപ്രസാദകരവും സ്വീകാര്യവുമായ യാഗമായി, എപ്പഫ്രൊദിത്തൊസിൽ നിന്ന് സ്വീകരിച്ചിട്ട്, ഞാൻ നിറഞ്ഞിരിക്കുന്നു.

C. കർത്താവിനുള്ള നമ്മുടെ എല്ലാ പൗരോഹിത്യ സേവനവും, നമ്മിൽനിന്നല്ല, "അളവിന്റെ ദൈവമായ" അവനിൽനിന്ന് ഉത്ഭവിക്കണം; അവന്റെ പുനരുത്ഥാന ജീവൻ നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകരപ്പെടുവാൻ കഴിയത്തക്കവണ്ണം അവന്റെ മരണം നമ്മിൽ വ്യാപരിക്കുവാൻ നാം അനുവദിക്കുമ്പോൾ, നമ്മുടെ എല്ലാ പൗരോഹിത്യ സേവനവും അവന്റെ നടത്തിപ്പിനും അവന്റെ പരിമിതപ്പെടുത്തലിനും

ഒത്തവണ്ണമായിരിക്കണം—2 കൊരി. 10:13; യോഹ. 12:24; 21:15-22; 2 ശമൂ. 7:18, 25, 27; ലൂക്കൊ. 1:37-38; *കീർത്തനം*, #907.

2 കൊരി. 10:13 എന്നാൽ ഞങ്ങൾ ഞങ്ങളുടെ അളവിനപ്പുറമല്ല, അളവിന്റെ ദൈവം നിങ്ങളുടെ അടുക്കലോളം എത്തുവാൻ ഞങ്ങൾക്ക് പകുത്തുനൽകിയിരിക്കുന്ന അതിരിന്റെ അളവിന് ഒത്തവണ്ണമത്രേ പ്രശംസിക്കുകയുള്ളൂ.

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:17 മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

യോഹ. 21:18 സത്യമായി, സത്യമായി, ഞാൻ നിന്നോട് പറയുന്നു, നീ ചെറുപ്പമായിരുന്നപ്പോൾ, നീ നിന്റെതന്നെ അരകെട്ടി, നീ ഇച്ഛിച്ച ഇടത്ത് നടന്നു; എന്നാൽ നീ വയസ്സാകുമ്പോൾ, നിന്റെ കൈ നീട്ടുകയും, വേറൊരുവൻ നിന്നെ അരകെട്ടി, നീ ഇച്ഛിക്കാത്ത ഇടത്തേക്ക് നിന്നെ വഹിച്ചുകൊണ്ടുപോകുകയും ചെയ്യും.

യോഹ. 21:19 താൻ എങ്ങനെയുള്ള മരണത്താൽ ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിച്ചു കൊണ്ടായിരുന്നു അവൻ ഇത് പറഞ്ഞത്. ഇത് പറഞ്ഞശേഷം, അവൻ അവനോട്, എന്നെ അനുഗമിക്കുക എന്നു പറഞ്ഞു.

യോഹ. 21:20 പത്രൊസ് തിരിഞ്ഞപ്പോൾ, യേശു സ്നേഹിക്കുകയും അത്താഴത്തിൽ വച്ച് അവന്റെ മാറിൽ ചാഞ്ഞ്, കർത്താവേ, ആരാകുന്നു നിന്നെ ഒറ്റിക്കൊടുക്കുന്നവൻ? എന്നു ചോദിക്കുകയും ചെയ്ത ശിഷ്യൻ അനുഗമിക്കുന്നത് കണ്ടു.

യോഹ. 21:21 അതുകൊണ്ട് പത്രൊസ് അവനെ കണ്ടിട്ട്, കർത്താവേ, ഇവന് എന്തു ഭവിക്കും? എന്ന് ചോദിച്ചു.

യോഹ. 21:22 യേശു അവനോട്, ഞാൻ വരുന്നതുവരെ അവൻ ഇരിക്കണം എന്ന് ഞാൻ ഇച്ഛിക്കുന്നു എങ്കിൽ അതിനു നിനക്ക് എന്താകുന്നു? നീ എന്നെ അനുഗമിക്കുക എന്നു പറഞ്ഞു.

2 ശമൂ. 7:18 അപ്പോൾ ദാവീദ്‌രാജാവു അകത്തു ചെന്നു യഹോവയുടെ

സന്നിധിയിൽ ഇരുന്നു പറഞ്ഞതെന്തെന്നാൽ: കർത്താവായ യഹോവേ, നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആർ? എന്റെ ഗൃഹവും എന്തുള്ളു?

2 ശമൂ. 7:25 ഇപ്പോഴും കർത്താവായ യഹോവേ, നീ അടിയനെയും അടിയന്റെ ഗൃഹത്തെയും കുറിച്ചു അരുളിച്ചെയ്ത വചനത്തെ എന്നേക്കും ഉറപ്പാക്കി അരുളപ്പാടുപോലെ ചെയ്യേണമേ.

2 ശമൂ. 7:27 ഞാൻ നിനക്കു ഒരു ഗൃഹം പണിയുമെന്നു നീ അടിയന്നു വെളിപ്പെടുത്തിയതുകൊണ്ടു, യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവേ, നിന്നോടു ഈ പ്രാർത്ഥന കഴിപ്പാൻ അടിയൻ ധൈര്യം പ്രാപിച്ചു.

ലൂക്കൊ. 1:37 ദൈവത്താൽ ഒരു വാക്കും അസാധ്യമാകുകയില്ലല്ലോ.

ലൂക്കൊ. 1:38 മറിയ, ഇതാ, കർത്താവിന്റെ അടിമ. നിന്റെ വാക്കുപ്രകാരം എനിക്കു സംഭവിക്കട്ടെ എന്നു പറഞ്ഞു. ദൂതൻ അവളിൽനിന്ന് പിൻവാങ്ങുകയും ചെയ്തു.

*Hymns*, #907

1 Not where we elect to go, But where Jesus leads the way,
There the living waters flow, There our darkness turns to day.

2 Not our self-appointed task Will the Lord's approval win,
But the work we did not ask, Finished humbly, just for Him.

3 Not the prayer we long to plead When we bend before the Throne,
But the touching deeper need Of the Spirit's wordless groan.

4 Not the gift we proudly lay On His altar will He heed,
If our hearts have said Him, "Nay," When He whispered, "I have need."

5 Thus we die, and dying live In the heavenlies with the Lord;
Thus we serve, and pray, and give, Christ Himself our great Reward.